"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - മട്ടന്നൂർ നിയോജക മണ്ഡലം - 2022-23 - **' ആയിത്തറ മമ്പറം ജി.എച്ച്.എസ്.എസിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം '** എന്ന പ്രവർത്തിയുടെ ബിൽ തുക മാറി നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.3197/2024/GEDN    തീയതി,തിരുവനന്തപുരം, 17-05-2024

പരാമർശം:-
1. കണ്ണൂർ ജില്ലാ കളക്ടറുടെ 30.06.2023 - ലെ എ.ഡി.സി.കെ.എൻ.ആർ/60/2023(4) നമ്പർ നടപടിക്രമം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.03.2024 - ലെ കത്ത് നമ്പർ.W3/1974/24/ഡി.ജി.ഇ

**ഉത്തരവ്**

ബഹു.മട്ടന്നൂർ എം.എൽ.എ , ശ്രീമതി.കെ.കെ.ശൈലജ അവർകളുടെ ആസ്തി വികസന ഫണ്ട് (2022-23) വിനിയോഗിച്ച് **' ആയിത്തറ മമ്പറം ജി.എച്ച്.എസ്.എസിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം '** എന്ന പ്രവർത്തി നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് റബ്ബർ കോ - ഓപ്പറേറ്റീവ് ലിമിറ്റഡ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച **6,51,626 /- (ആറ് ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുനൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) രൂപ**യുടെ ബിൽ തുക അനുവദിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം ബില്ലും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.മട്ടന്നൂർ എം.എൽ.എ ശ്രീമതി.കെ.കെ.ശൈലജ അവർകളുടെ ആസ്തി വികസന ഫണ്ട് (2022-23) വിനിയോഗിച്ച് **' ആയിത്തറ മമ്പറം ജി.എച്ച്.എസ്.എസിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം '** എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് റബ്ബർ കോ -ഓപ്പറേറ്റീവ് ലിമിറ്റഡ് സമർപ്പിച്ച ബിൽ തുകയായ **6,51,626 /- (ആറ് ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുനൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) രൂപ**, സമർപ്പിച്ചിരിക്കുന്ന ബില്ലുകളുടെയും സാക്ഷ്യപത്രങ്ങളുടെയും

ആധികാരികതയും വിശ്വാസ്യതയും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ **' 4202-01-800-88 '** എന്ന ശീർഷകത്തിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

(1) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
(3) ധനകാര്യ വകുപ്പ് ( 25.03.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. NC-C3/27/2024 - FIN പ്രകാരം )
(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കൈറ്റ് , പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(5) ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി ആർ ഡി
(6) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sajitha V
Date: 17-05-2024 14:18:14